# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4027 — 03.02.2014-ൽ മറുപടിക്ക്

## ആശുപത്രികൾക്ക് 'കാഷ്' അംഗീകാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>,, പാലോട് രവി :<br>,, തേറമ്പിൽ രാമകൃഷ്ണൻ :<br>,, അൻവർ സാദത്ത് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ആശുപത്രികൾക്ക് കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്) അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കമോ ; | (എ) കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു പുതിയ പദ്ധതിയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ്). ഇന്ത്യയിൽ ആദ്യമായി സംസ്ഥാനതലത്തിൽ അക്രഡിറ്റേഷൻ പദ്ധതി നടപ്പാക്കുന്നത് കേരളത്തിലാണ്. |
| (ബി) ഏതെല്ലാം ആശുപത്രികൾക്കാണ് പ്രസ്തുത അംഗീകാരം ലഭിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) കേരളത്തിലെ 14 ആശുപത്രികൾക്ക് ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മണമ്പൂർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വെള്ളറട, പ്രൈമറി ഹെൽത്ത് സെന്റർ ചെമ്മരുതി, പ്രൈമറി ഹെൽത്ത് സെന്റർ മംഗലപുരം, പ്രൈമറി ഹെൽത്ത് സെന്റർ വട്ടിയൂർക്കാവ്, പ്രൈമറി ഹെൽത്ത് സെന്റർ ചെങ്കൽ, പ്രൈമറി ഹെൽത്ത് സെന്റർ കീഴാറ്റിങ്ങൽ ഇടുക്കി ജില്ലയിലെ പ്രൈമറി ഹെൽത്ത് സെന്റർ അറക്കുളം, എറണാകുളത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പണ്ടപ്പള്ളി, കോഴിക്കോട് ജില്ലയിലെ പ്രൈമറി ഹെൽത്ത് സെന്റർ തിരുവമ്പാടി, കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്റർ കരവാളൂർ, കോട്ടയം ജില്ലയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇടയരിക്കപ്പുഴ എന്നീ ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചത്. |

(...2)

(സി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത അംഗീകാരം മുഖാന്തിരം ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) അംഗീകാരം ലഭിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(സി) (ഡി)

* അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി അക്രഡിറ്റേഷൻ ലഭിച്ച ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി.
* രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ആശുപത്രിയുടെ ലേ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.
* ആശുപത്രിയുടെ ഒരു പൂർണ്ണവിവരണം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിച്ചു.
* രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമകളും പ്രദർശിപ്പിക്കാനുള്ള സംവിധാനം.
* ടോക്കൺ സിസ്റ്റം നടപ്പിലാക്കി.
* ഒ.പി. യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.
* ഒ.പി. വിഭാഗത്തിൽ രോഗികൾക്ക് വിശ്രമ സ്ഥലം.
* രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു.
* വീൽചെയറുകളും, ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി.
* രോഗികൾക്ക് വീൽചെയറുകളും ട്രോളിയും സേഫ്റ്റി ബെൽറ്റ് കൊണ്ട് സുരക്ഷിതമായി സജ്ജീകരിച്ചിരിക്കുന്നു.
* അത്യാഹിത വിഭാഗം അതുപോലെ ഒ.പി. എന്നിവയുടെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.
* അത്യാഹിത വിഭാഗത്തിലുള്ള രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്നു.
* ദുരന്തനിവാരണ നിയന്ത്രണത്തിന് പരിശീലനം ജീവനക്കാർക്ക് നൽകി.
* മുലയൂട്ടുന്ന അമ്മമാർക്ക് വേണ്ടി അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കി.
* ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി.
* രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയ ശേഷം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്ന് ഉറപ്പു വരുത്തുന്നു.

* ജൈവ മാലിന്യങ്ങളും അല്ലാതെയുമുള്ള മാലിന്യങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.
* ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യു.
* രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിച്ചു
* രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു.
* പദ്ധതി പ്രകാരം രോഗികൾക്ക് ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയ ബന്ധിതമായി ആവിഷ്കരിച്ചു വരുന്നു.
* ശരിയായ രീതിയിലുള്ള രോഗീപരിചരണം, മരുന്നു വിതരണം എന്നിവ നടപ്പിലാക്കി.
* ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പു വരുത്തി.
* ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കുന്നതു മുതൽ റിസൽട്ട് കൊടുക്കുന്നതു വരെയുള്ള എല്ലാ പ്രക്രിയകളും ഒരു ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.
* ലബോറട്ടറിയിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വിലനിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ചു.
* എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.
* ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു.
* കേടായ ഉപകരണങ്ങൾ നന്നാക്കി.
* അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു.
* രോഗികളുടെ റെക്കോഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം.
* ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റെക്കോഡുകൾ തയ്യാറാക്കി.
* മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്ഫോർമുലറി, ചികിത്സാ ക്രമം രേഖപ്പെടുത്തിയ പ്രോട്ടോകോൾ രൂപീകരിച്ചു.

(....4)

* പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തു ന്നതുമായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിച്ചിരിക്കുന്നു.
* ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുന്നു.
* അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നു.
* വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടെയിനറുകളിൽ സൂക്ഷിച്ചിരിക്കുന്നു.
* ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരവും ഉള്ളതുമായ അറകളിൽ മരുന്നുകൾ സൂക്ഷിച്ചിരി ക്കുന്നു.
* നാർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചിരിക്കുന്നു.
* മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമ മാക്കി.
* രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടി കൾ സ്വീകരിച്ചു വരുന്നു.
* ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പു വരുത്തു ന്നതിനായി തുടർച്ചയായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തി വരുന്നു.
* പൗരാവകാശ രേഖയുടെ പകർപ്പ് ആശുപത്രി യുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരി ക്കുന്നു.
* എല്ലാ ജീവനക്കാർക്കും തുടർപരിശീലനം നടപ്പിലാക്കി.
* കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ